## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1124 — 12.06.2014 -ൽ മറുപടിക്ക്

### വരൾച്ച നേരിടുന്നതിനുള്ള നടപടികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. പി.കെ .ഗുരുദാസൻ<br>ശ്രീ. കോലിയക്കോട് എൻ.കൃഷ്ണൻ നായർ<br>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)<br>ശ്രീ. എസ്. രാജേന്ദ്രൻ | | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് രൂക്ഷമായ കടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനും വരൾച്ച നേരിടുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; ഇതിന് കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ ; | എ) | 18.02.2014 ലെ 11050/കെ.3/2014/ദു.നിവ. നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്ത് വരൾച്ച നേരിടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും അടിയന്തിര വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും തുക ചെലവഴിക്കുന്നതിനും വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം സംസ്ഥാനം വരൾച്ചാ ബാധിതമായി പ്രഖ്യാപിച്ചിട്ടില്ലാത്തതിനാൽ കേന്ദ്ര സഹായത്തിനായി അഭ്യർത്ഥിച്ചിട്ടില്ല. |
| ബി) | റവന്യൂ വകുപ്പ് മുഖേന കുടിവെള്ള വിതരണം നടക്കുകയുണ്ടായോ; ഇതിന് ജില്ലകൾക്ക് ഫണ്ട് നൽകിയിരുന്നോ; വിശദാംശം ലഭ്യമാക്കാമോ ; | ബി) | ഉണ്ടായി. 2245-01-102-99-വരൾച്ച-കുടിവെള്ള വിതരണം ശീർഷകത്തിൽ നിന്ന് എല്ലാ ജില്ലകൾക്കും 2 കോടി രൂപ വീതം നടപ്പ് സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്. |
| സി) | പരമ്പരാഗത ജലസ്രോതസ്സുകൾ ഉപയോഗയോഗ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതിന് ആവശ്യമായ ഫണ്ട് നൽകിയിരുന്നോ ; | സി) | ഉണ്ട്. നടപ്പ് സാമ്പത്തിക വർഷം ജില്ലകൾക്ക് ഫണ്ട് നൽകാൻ നടപടി സ്വീകരിച്ചു വരുന്നു. |
| ഡി) | മുൻ വർഷവും ഈ വർഷവും വരൾച്ച നേരിടുന്നതിന് സർക്കാർ നൽകിയിട്ടുള്ള ഫണ്ട് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ ? | ഡി) | മുൻ സാമ്പത്തിക വർഷം വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്ന് ആകെ 97,14,57,417 (തൊണ്ണൂറ്റിയേഴ് കോടി പതിനാല് ലക്ഷത്തി അമ്പത്തിയേഴായിരത്തി നാന്നൂറ്റി പതിനേഴ് രൂപാ മാത്രം) രൂപ അനുവദിച്ചിരുന്നു. നടപ്പ് സാമ്പത്തിക വർഷം ഇതു വരെ ഓരോ ജില്ലയ്ക്കും രണ്ടു കോടി രൂപ വീതം വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി അനുവദിച്ചു കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ